# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3736

15.05.2017-ന് മറുപടിയ്ക്ക്

## മലപ്പുറം മണ്ഡലത്തിലെ വിദ്യാലയങ്ങൾക്ക് അനുവദിച്ച സ്കൂൾ ബസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം മണ്ഡലത്തിലെ അഞ്ച് വിദ്യാലയങ്ങൾക്ക് മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 201516ൽ 45 ലക്ഷം രൂപ ചെലവിൽ അനുവദിച്ച സ്കൂൾ ബസ് പ്രൊപ്പോസലിൽ 28.06.2016ലെ ജി. ഒ. (ആർ. ടി.) നം. 2047/2016/പൊ. വി. വ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടും നാളിതുവരെ വിദ്യാലയങ്ങൾക്ക് വാഹനങ്ങൾ ലഭിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വാഹനങ്ങൾ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) 28/06/2016-ലെ സ.ഉ.(സാധാ)നം. 2047/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും പൊതുവിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടാത്ത സാഹചര്യത്തിലാണ് സ്കൂളുകൾക്ക് ബസ് വിതരണം ചെയ്യാൻ താമസം നേരിടുന്നത്. |
| (സി) എംഎൽഎ സോഫ്റ്റ് വെയറിൽ നൽകിയ ലെറ്റർ ഓഫ് ക്രെഡിറ്റ് | (സി) ബസ് വാങ്ങുന്നതിനായി 45 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് പൊതുരമരാമത്ത് |

പ്രൊപ്പോസലുകൾക്ക് പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറും ധനകാര്യ വകുപ്പും അംഗീകാരം നൽകിയിട്ടുള്ളതായി അറിയാമോ; വ്യക്തമാക്കുമോ;

വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മലപ്പുറം) തിരുവനന്തപുരത്തെ ചീഫ് എഞ്ചിനീയർക്ക് 14/12/16-ൽ ലെറ്റർ ഓഫ് ക്രഡിറ്റ് പ്രൊപ്പോസൽ യഥാവിധി നൽകിയിരുന്നു. ഇതിൽ അനുമതി ആകാതിരുന്നതിനാൽ 04/05/2017-ൽ വീണ്ടും ഇക്കാര്യം ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതുവരേയും ചീഫ് എഞ്ചിനീയറുടെ അനുമതി ലഭിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്.

(ഡി) എങ്കിൽ ഇതു സംബന്ധിച്ച നിർദ്ദേശം മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്കും അവിടെ നിന്നും മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ഇതുസംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് 2017 ജൂൺ 1-നു മുമ്പായി വിദ്യാലയങ്ങൾക്ക് വാഹനങ്ങൾ നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

(ഇ) സ്വീകരിക്കുന്നതാണ്.

Sheela

സെക്ഷൻ ഓഫീസർ